പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1703** **03.10.2011 ൽ മറുപടിക്ക്**

## ജി.എസ്.ടി സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :**<br>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :**<br>**ശ്രീ. അൻവർ സാദത്ത് :**<br>**ശ്രീ. ഷാഫി പറമ്പിൽ :** | **ശ്രീ.കെ.എം.മാണി**<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്ത് നിലവിലുള്ള നികുതി ഘടന മാറ്റുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് ജി.എസ്.ടി. സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(എ) & (ബി) അഖിലേന്ത്യാതലത്തിൽ നടന്ന സമവായ പ്രക്രിയയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ മൂല്യവർദ്ധിത നികുതി (വാറ്റ്) ഘടനയാണ് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ളത്. ചരക്കു സേവന നികുതി (ജി. എസ്.ടി) നിയമം നടപ്പിലാകുന്നതുവരെ നിലവിലെ നികുതി ഘടനയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലില്ല.

| | | | |
|---|---|---|---|
| (സി) | ഇത് നടപ്പാക്കുന്നതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് സംസ്ഥാനത്തിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | പ്രാപ്യസ്ഥാനത്ത് നികുതി ലഭിക്കുന്ന സമ്പ്രദായമായതിനാലും സർവ്വീസ് മേഖല കൂടി ഉൾപ്പെട്ട നികുതി ഘടനയായതിനാലും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ജി.എസ്.ടി. നേട്ടമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ഇത് എന്നു മുതൽ പ്രാവർത്തികമാക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത് ? | (ഡി) | അഖിലേന്ത്യാടിസ്ഥാനത്തിൽ ജി.എസ്.ടി. നടപ്പിലാക്കുന്നതു സംബന്ധിച്ച് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ ചർച്ചകൾ നടത്തിവരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ